റഫീഖുർറഹ്മാൻ മൂഴിക്കൽ

# ഹദീസ് നിവേദനം



**ഹദീസ്** നിദാന ശാസ്ത്ര ചർച്ചയിൽ പ്രാധാന്യമർഹിക്കുന്നതാണ് നിവേദനം അഥവാ രിവായത്ത്(Reporting). നബി(സ)യിൽനിന്ന് ഹദീസുകൾ ഉദ്ധരിക്കുകയെന്നതാണ് രിവായത്തുകൊണ്ടുദ്ദേശിക്കുന്നത് ഹദീസ് ലഭിക്കുന്ന സ്വഹാബി മറ്റു സ്വഹാബിമാർക്കും താബിഉകൾക്കും അത് കൈമാറുന്നു. അവരിൽനിന്ന് അടുത്ത തലമുറക്ക് അത് ലഭിക്കുന്നു. ഇങ്ങനെ ഇടമുറിയാത്ത പരമ്പരകളി(സനദ്)ലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ഹദീസ് സമാഹർത്താവിന്റെ (മുഹദ്ദിസ്) കൈകളിലെത്തിച്ചേരുന്നു. ഈ പ്രക്രിയയെ ഹദീസ് നിവേദനം എന്ന് പറയുന്നു. നബി(സ) മുതൽ മുഹദ്ദിസ് വരെ ഹദീസ് കൈമാറി പോകുന്ന വ്യക്തികളെ നിവേദകന്മാർ(റുവാത്ത്) എന്നും പറയുന്നു.

നിവേദനത്തിനും നിവേദകന്മാർക്കും നിരവധി നിബന്ധനകൾ ഹദീസ് പണ്ഡിതന്മാർ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിതമാനദണ്ഡങ്ങൾ പൂർത്തീകരിക്കപ്പെടുന്ന ഹദീസുകളും പൂർത്തീകരിക്കാത്തവയും തമ്മിൽ പ്രാമാണികതയിൽ അന്തരമുണ്ടാകും. തലനാരിഴ കീറിയ ചർച്ചകളാണ് ഈ വിഷയത്തെക്കുറിച്ച് പണ്ഡിതന്മാർ നടത്തിയിട്ടുള്ളത്.

### ഉപാധികൾ

ഹദീസ് നിവേദനം സ്വീകാര്യമാവാൻ അനിവാര്യമായും ഉണ്ടാവേണ്ട ഉപാധികൾ മുഹദ്ദിസുകൾ നിർണയിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ:

1. നിവേദകൻ മുസ്ലിമായിരിക്കണം: ഇസ്ലാമിലെ വിശ്വാസകാര്യങ്ങളിൽ ദൃഢബോധ്യമുള്ളവനും ശരീഅത്ത് നിയമങ്ങൾ കണിശമായി പാലിക്കുന്നവനുമാകണം. 'ഇസ്ലാമുണ്ടാവുക' എന്ന നിബന്ധന നിശ്ചയിക്കപ്പെട്ടത് ഹദീസ് നിവേദനം തീർത്തും ദീനിയ്യായ കാര്യമായതിനാലാണ്. നിഷേധി തന്റേതല്ലാത്ത ദർശനത്തെ ഇകഴ്ത്താനാണല്ലോ ശ്രമിക്കുക.

2. വകതിരിവുണ്ടാവുക: പ്രായപൂർത്തി എത്തുകയും ബുദ്ധിസ്ഥിരത ഉണ്ടാവുകയുമാണ് ഇതുകൊണ്ട് ഉദ്ദേശ്യം. കുട്ടി, ഭ്രാന്തൻ എന്നിവരുടെ രിവായത് സ്വീകാര്യമല്ല. എന്നാൽ പ്രായപൂർത്തി ആവുന്നതിനു മുമ്പ് ഹദീസ് ഹൃദിസ്ഥമാക്കുകയും പ്രായം തികഞ്ഞ ശേഷം അത് ഉദ്ധരിക്കുകയുമാണെ

ങ്കിൽ സ്വീകാര്യമാണ്. ഇബ്നു അബ്ബാസ്, ഇബ്നു സുബൈർ, മഹ്മൂദുബ്നു റബീഅ് തുടങ്ങിയ ചെറു പ്രായക്കാരായ സ്വഹാബി മാരുടെ നിവേദനം സ്വീകരി ച്ചതാണ് ഇതിന് തെളിവാ യി ചൂണ്ടിക്കാണിക്കുന്നത്.

3. ജീവിത വിശുദ്ധി (عدالة): അല്ലാഹുവിന്റെ ആജ്ഞാനിരോധങ്ങൾ പാലിച്ച്, വൻ പാപങ്ങൾ പ്രവർത്തിക്കാതെയും ചെറു പാപങ്ങളിലേക്ക് വഴുതിപ്പോകാതെയുമുള്ള ജീവിതമാണ് സത്യസന്ധവും വിശുദ്ധവുമായ ജീവിതം. പുത്തനാചാരക്കാരൻ (മുബ്തദിഅ്) ആവാതിരിക്കുകയെന്നതും ഇതിന്റെ തന്നെ താൽപര്യമാകുന്നു. ഉയർന്ന മാനുഷിക ഗുണങ്ങൾ ആർജിച്ചവനുമാകണം. ഈ ഗുണങ്ങൾ ഇല്ലായ്മ ചെയ്യുന്ന ചില ഉദാഹരണങ്ങൾ മുഹദ്ദിസുകൾ ചൂണ്ടി കാണിച്ചിട്ടുണ്ട്. നിസ്സാര വസ്തു കട്ടെടുക്കുക, വഴിയിൽ മാന്യമല്ലാത്ത രീതിയിൽ മൂത്രമൊഴിക്കുക, പരിധിവിട്ട് തമാശക്കാരനാവുക പോലുള്ളവ.



4. കൃത്യത (ضبط): ഹദീസ് ഹൃദിസ്ഥമാക്കുന്നതും രേഖപ്പെടുത്തുന്നതും കൃത്യമായിട്ടായിരിക്കണം. തന്റെ ശൈഖിൽനിന്ന് കേട്ട അതേപടി മനസ്സിൽ കാത്തുസൂക്ഷിക്കാനും മാറ്റത്തിരുത്തലുകളില്ലാതെ രേഖപ്പെടുത്തി വെക്കാനുമുള്ള കഴിവാണ് ദബ്ത്.

***

മതബോധമുള്ളവനും സത്യസന്ധനുമാണെങ്കിലും മേൽകൊടുത്ത നിബന്ധനകൾ പാലിച്ചില്ലെങ്കിൽ നിവേദകനെ നിരാകരിക്കുന്നതാണ് പണ്ഡിതരീതി. ഇബ്നുസീരീൻ പറയുന്നു: 'ഹദീസ് വിജ്ഞാനം ദീനാകുന്നു. അതിനാൽ ആരിൽ നിന്നാണ് ആ ദീൻ സ്വീകരിക്കുന്നതെന്ന് നിങ്ങൾ ഗവേഷണം നടത്തുക.' അശ്രദ്ധരും മനഃപാഠമാക്കാൻ കഴിവില്ലാത്തവരുമായ ആളുകളെ പറ്റി യഹ്‌യബ്നു സഈദിൽ ഖത്ത്വാൻ പറഞ്ഞു: 'എത്രയെത്ര സദ്‌വൃത്തരായ മനുഷ്യരാണുള്ളത്. പക്ഷേ അവർ ഹദീസ് ഉദ്ധരിക്കാതിരുന്നെങ്കിൽ അതായിരുന്നു ഉത്തമം.' ഇമാം അഹ്മദ് പറയുന്നു: 'മൂന്ന് ആളുകളിൽ നിന്നൊഴികെ ഹദീസ് സ്വീകരിക്കാം: 1. ദേഹേഛയിലേക്ക് ക്ഷണിക്കുന്നവൻ. 2. കള്ളം കെട്ടിച്ചമക്കുന്നവൻ. 3. നിവേദനത്തിൽ തെറ്റു വരുത്തുന്നവൻ.' പ്രമുഖരായ ഹദീസ് പണ്ഡിതന്മാർ കൃത്യതയും ജീവിത വിശുദ്ധിയും ഉള്ളവരിൽനിന്നു മാത്രമേ ഹദീസുകൾ സ്വീകരിച്ചിരുന്നുള്ളൂ.

## പദാനുപദ – ആശയ നിവേദനങ്ങൾ

ഹദീസുകൾ നിവേദനം ചെയ്യുമ്പോൾ അതിലെ പദങ്ങളിലും (لفظ) അക്ഷരങ്ങളിലും (حروف) പുലർത്തേണ്ട സൂക്ഷ്മത പണ്ഡിതന്മാർ പ്രത്യേകം ഉണർത്തിയിട്ടുണ്ട്. ഹദീസിലെ പദങ്ങളെ അങ്ങനെ തന്നെ ഉദ്ധരിക്കണമെന്നാണ് അവരുടെ പക്ഷം. പദാനുപദം വിട്ട് ഹദീസിന്റെ ആശയം ഉദ്ധരിക്കുന്നതിനെ വിലക്കുന്ന ഒരുവിഭാഗം പണ്ഡിതന്മാർ അതേ പദങ്ങൾ തന്നെ ഉദ്ധരിക്കൽ നിർബന്ധ ബാധ്യതയായി കാണുന്നു.

ആശയ നിവേദനമാവാം എന്ന അഭിപ്രായമുള്ള പണ്ഡിതന്മാർ പോലും ചില ഉപാധികളോടെ മാത്രമേ അത് അനുവദിക്കുന്നുള്ളൂ. സംബോധനയുടെ സന്ദർഭം, പദങ്ങളുടെ പ്രത്യേകത എന്നിവയെക്കുറിച്ച് സൂക്ഷ്മജ്ഞാനമില്ലാത്തവർക്ക് ആശയ നിവേദനം ഭൂഷണമല്ല. പദങ്ങളുടെ ആന്തരിക സത്തയും ചൈതന്യവും തിരിയുന്നവർക്ക് ആശയ നിവേദനം ആവാം. അഥവാ ظاهر-ും اظهر-ും عام-ും اعمم-ുമൊക്കെ നന്നായി മനസ്സിലാക്കിയാവണം അത് ചെയ്യുന്നത്. പദ നിവേദനത്തിനു പ്രാധാന്യം കൽപിച്ചവരായിരുന്നു പൂർവ സൂരികൾ. ആശയ നിവേദനം ഒരു ഇളവുമാത്രമായി അവർ കണ്ടു. ഇമാം മാലിക്, ഖാസിമുബ്നു മുഹമ്മദ്, ഇബ്നു സീരീൻ, റജാഅ് ഇബ്നു ഹുവയ്യ എന്നിവർ പദങ്ങൾ തന്നെ വേണം എന്ന നിലപാടിൽ കണിശത പുലർത്തിയ പണ്ഡിതന്മാരാണ്. മർഫൂഅ് ആയ ഹദീസുകൾ ആശയപരമായി ഉദ്ധരിക്കുന്നത് ഇമാം മാലിക് വിലക്കിയിട്ടുണ്ട്.

പദങ്ങൾ تعبدى ആയി വന്ന ഹദീസുകളെ (ദിക്റുകൾ, ദുആകൾ തുടങ്ങിയവ) ആശയപരമായി നിവേദനം ചെയ്യാൻ പണ്ഡിതന്മാർ ഒട്ടും അനുവദിച്ചിട്ടില്ല.

ചില ഉപാധികളോടെ ആശയ നിവേദനം അനുവദിച്ചതിനെ പിൽക്കാലത്ത് ഓറിയന്റലിസ്റ്റുകൾ വിമർശിക്കുകയുണ്ടായി. അത് ഹദീസ് പാഠത്തിലുള്ള കൈകടത്തലായും മാറ്റത്തിരുത്തലായും അവർ വിധിയെഴുതി. എന്നാൽ ഹദീസ് നിവേദനത്തോട് വളരെയധികം സൂക്ഷ്മത പുലർത്തിയവരായിരുന്നു പൂർവികർ. സംബോധനയും സന്ദർഭവും ശരിക്കും മനസ്സിലാക്കിയവർ. നബി(സ)യുടെ മേൽ കള്ളം പറയുന്നതിന്റെ ഭവിഷ്യത്ത് നന്നായി അറിയുന്നവർ. അതിനാൽ വിമർശനത്തിന് അടിസ്ഥാനമില്ല.

## ഹദീസ് സ്വീകരണം

പൂർവകാലത്ത് ഗുരുവര്യന്മാരിൽനിന്ന് ഹദീസ് സ്വീകരിക്കുന്നതിന് ഒരൊറ്റ മാർഗമേ നിലവിലുണ്ടായിരുന്നുള്ളൂ. ശിഷ്യൻ ഗുരു സമക്ഷം ഹാജരായി അദ്ദേഹത്തിൽനിന്ന് ഹദീസ് കേൾക്കുക, അത് ഉദ്ധരിക്കുക. സാങ്കേതികമായി ഇതിന്ന് സിമാഅ് (കേൾവി) എന്നു പറയുന്നു. തുടർന്ന് ഖിറാഅത്ത് (ശിഷ്യൻ ഗുരുവിനെ കേൾപ്പിക്കൽ), ഇജാസത്ത് (ഗുരു അനുമതി നൽകൽ), മുനാവല (ഗുരു കൈകാര്യാവകാശം നൽകൽ), മുകാതബ (എഴുതി നൽകൽ), ഇഅ്ലാം (അറിയിക്കൽ), വസ്വിയ്യത്ത്, വിജാദ (പകർത്തൽ) തുടങ്ങിയ ഏഴ് ഇനങ്ങൾ കൂടി ഹദീസ് നിവേദനത്തിന്റെ രീതികളായി ഉരുത്തിരി

ഞ്ഞു വന്നു. എട്ട് രീതികളെയും സംക്ഷിപ്തമായി പരിചയപ്പെടുത്താം:

## സിമാഅ് (سماع)

ഹദീസ് നിവേദനത്തിൽ ഏറ്റവും നല്ല രീതി സിമാഅ് (ഗുരു ശിഷ്യനെ കേൾപ്പിക്കൽ) തന്നെയാകുന്നു. ഗുരുവിന്റെ മൊഴിഞ്ഞു കൊടുക്കൽ. ഏതെങ്കിലും ഗ്രന്ഥത്തിൽനിന്നോ തന്റെ ഓർമയിൽനിന്നോ ആവാം. എന്നിട്ടവ ശിഷ്യനെ കൊണ്ട് എഴുതിക്കുകയോ എഴുതിക്കാതിരിക്കുകയോ ആവാം. ഹദ്ദസനാ(حدّثنا), അഖ്ബറനാ(أخبرنا), അൻബഅനാ(أنبأنا), ദകറനാ(ذكرنا), ഖാല ലനാ(قال لنا) എന്നീ പ്രയോഗങ്ങളിൽ ഏതെങ്കിലുമൊന്നുകൊണ്ടാണ് ഹദീസ് ഉദ്ധരിക്കുന്നതെങ്കിൽ ഗുരു സ്വന്തം ശിഷ്യന് കേൾപ്പിച്ച നബിവചനമായിരിക്കുമതെന്ന് ഉറപ്പിക്കാം. ഇത്തരം ഭാഷാപ്രയോഗങ്ങൾക്ക് അറബിയിൽ ഇങ്ങനെയൊരു അർഥം കൂടിയുണ്ട്. അഖ്ബറനാ, ഹദ്ദസനാ (നമ്മോട് പറഞ്ഞു) എന്നീ പ്രയോഗങ്ങൾക്ക് ഏതാണ്ട് ഒരേ അർഥമാണ്. ചില പൂർവ കാല പണ്ഡിതർ അഖ്ബറനാ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഇക്കാര്യം ഇമാം അഹ്മദിനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'രണ്ട് പ്രയോഗവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.' 'അഖ്ബറനാ' എന്ന പ്രയോഗം പൂർവ കാലത്ത് കൂടുതൽ പ്രചാരത്തിലുണ്ടായിരുന്നതിനാലാവാം ഇങ്ങനെ സംഭവിച്ചത്.

ഖാദി ഇയാദ് പറഞ്ഞു: ഗുരു ശിഷ്യന് ഹദീസ് കേൾപ്പിച്ചു കഴിഞ്ഞാൽ ഹദ്ദസനാ, അഖ്ബറനാ, ഖാല ലനാ, ദകറ ലനാ തുടങ്ങിയവയിൽ ഏതുപയോഗിച്ചും ശിഷ്യന് ഹദീസ് ഉദ്ധരിക്കാവുന്നതാണ് (ഇഖ്തിസ്വാറു ഉലൂമിൽ ഹദീസ്, പേജ്-122). എങ്കിലും അവ്യക്തതക്കും ആശയക്കുഴപ്പത്തിനും ഇട നൽകാത്ത പദമുപയോഗിച്ചാവണം റിപ്പോർട്ടിംഗ് എന്നതാണ് നിവേദനത്തിലെ പൊതു തത്ത്വം. ഏത് രീതിയിലാണ് താൻ ഹദീസ് കേട്ടതെന്ന് റിപ്പോർട്ടർ വ്യക്തമാക്കിയിരിക്കണം. അതിന് പറ്റുന്ന വാക്കുകളാവണം സ്വീകരിക്കേണ്ടത്. ഗുരുവിൽനിന്ന് നേരിട്ട് കേട്ട് ഉദ്ധരിക്കുമ്പോൾ 'ഹദ്ദസനാ' എന്ന് പറയണം. ശിഷ്യൻ ഗുരുവിന് ചൊല്ലികേൾപ്പിച്ചതാണെങ്കിൽ : 'ഖറഅ്തു.' ശിഷ്യന്റെ വല്ല സതീർഥ്യരും ഗുരുവിന് കേൾപ്പിച്ച ഹദീസാണെങ്കിൽ: 'ഖുരിഅ അലൈഹി വഅന അസ്മഉ.' ഈ പ്രയോഗങ്ങളുടെ കൂട്ടത്തിൽ സമിഅ്തു (ഞാൻ നേരിട്ട് കേട്ടു) എന്നതിനാണ് ഭൂരിപക്ഷം മുഹദ്ദിസുകളും ഒന്നാംസ്ഥാനം കൽപിക്കുന്നത്. 'സമിഅ്തു' വിന് ശേഷം ഹദ്ദസനാ, ഹദ്ദസനീ എന്നിവക്കാണ് സ്ഥാനം. അനന്തരം അഖ്ബറനാ, അഖ്ബറനീ എന്നിവ. ഇമാം മാലികിന്റെ ശിഷ്യൻ അബ്ദുല്ലാഹിബ്നു വഹ്ബ് പറയുന്നു: 'ഹദീസ് നിവേദനത്തിൽ നാല് പ്രയോഗങ്ങൾ പൊതുവെ കാണാറുണ്ട്. ഒന്ന്, ഹദ്ദസനീ: ഗുരുവിൽനിന്ന് ഒരൊറ്റ ശിഷ്യൻ മാത്രം കേൾക്കുക. രണ്ട്, ഹദ്ദസനാ: മറ്റ് സതീർഥ്യർക്കൊപ്പം ഗുരുവിൽനിന്ന് കേൾക്കുക. മൂന്ന്, അഖ്ബറനീ: ശിഷ്യൻ ഒറ്റക്ക് ഗുരുവിനെ കേൾപ്പിക്കുക. നാല്, അഖ്ബറനാ: വല്ല സതീർഥ്യരും ഗുരുവിനെ കേൾപ്പിക്കുകയും നിവേദകൻ കേൾവിക്കാരനായി സദസ്സിൽ ഉണ്ടാവുകയും ചെയ്യുക.' (അൽകിഫായ, പേജ് - 294)

നബ്ബഅനാ, അൻബഅനാ - എന്നിവക്ക് ഹദ്ദസനാ, അഖ്ബറനാ - എന്നിവയുടെ അടുത്ത് തന്നെയാണ് സ്ഥാനം. പക്ഷേ ഇവ രണ്ടും അപൂർവമായേ ഉപയോഗിക്കപ്പെടാറുള്ളൂ. ഈ സാങ്കേതിക പദങ്ങളുടെ അർഥം പ്രയോഗിക്കുന്നയാളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചാണ് വ്യക്തമാവുക. അക്കാരണത്താലാണ് ഹദീസ് നിവേദകന്മാർ തദ്‌ലീസ് (സ്വന്തം ഗുരുവെ പറയാതെ ഗുരുവിന്റെ, ഗുരുവിന്റെ പേര് പറഞ്ഞ് ഉദ്ധരിക്കുക) ചെയ്യുന്നവരോട് കണിശത പുലർത്തിയത്. തദ്‌ലീസ് ചെയ്യുന്ന നിവേദകന്മാർ നിവേദനത്തിൽ ഹദ്ദസനീ എന്നോ, സമിഅ്തു എന്നോ പ്രയോഗിക്കാത്ത കാലത്തോളം അവരുടെ നിവേദനങ്ങൾ സ്വീകരിക്കപ്പെടാറില്ല. ഹദീസ് ഉദ്ധരിക്കുമ്പോൾ ഹദ്ദസനീ, അഖ്ബറനീ എന്നീ ഏകവചന രൂപങ്ങൾക്കാണ് അതിന്റെ ബഹുവചന രൂപമായ ഹദ്ദസനാ, അഖ്ബറനാ എന്നീ രൂപങ്ങളേക്കാൾ ബലമുള്ളത്. ഹാഫിള് ഇബ്നു കസീർ (മ. ഹി. 774) ഈ അഭിപ്രായക്കാരനാണ്. കാരണം ബഹുവചന രൂപങ്ങൾ ഉപയോഗിച്ചുവരുന്ന ഹദീസുകൾ കുറെ സതീർഥ്യർ ഒന്നിച്ചു കേൾക്കാൻ ഗുരു പറഞ്ഞ നബിവചനങ്ങളായിരിക്കും. ഒരു പ്രത്യേക ശിഷ്യനു വേണ്ടി പഠിപ്പിച്ചതായിരിക്കില്ല. എന്നാൽ ഹദ്ദസനീ എന്ന ഏകവചന രൂപമുള്ള ഹദീസ് ഒരു ശിഷ്യനെ മാത്രം ഗുരു പഠിപ്പിച്ചതായിരിക്കും.

ലീ-لِي- (എന്നോട്) എന്ന പ്രയോഗമില്ലാതെ 'ഖാല' അല്ലെങ്കിൽ ദകറ എന്നുമാത്രം ഉപയോഗിച്ച് വരുന്ന നിവേദനങ്ങളാണ് 'സിമാഇന്റെ' അധ്യായത്തിൽ ഏറ്റവും ദുർബലമായവ. കാരണം ഗുരുവിന്റെ പേരു പറയാതെ റിപ്പോർട്ട് ചെയ്യാനുള്ള സാധ്യത (തദ്‌ലീസ്) ഈ പ്രയോഗത്തിൽ വളരെ കൂടുതലായുണ്ട്.

## ഖിറാഅത്ത് (قراءة)


ശിഷ്യൻ ഓർമയിൽ നിന്നോ, ഗ്രന്ഥത്തിൽനിന്ന് പഠിച്ചോ ഗുരുവിനെ കേൾപ്പിക്കുന്ന രീതിയാണിത്. വിദ്യാർഥി പഠിച്ച് അധ്യാപകന്റെ മുമ്പാകെ ചൊല്ലികേൾപ്പിക്കുന്നതാകയാൽ ഇതിന് 'അറദ്'-عرض- (സമർപ്പണം) എന്നും പേരുണ്ട്. തന്റെ ഓർമയിൽ നിന്നോ, ഗ്രന്ഥത്തിൽനിന്നോ കേൾപ്പിക്കുന്നതിന് പകരം മറ്റു വല്ല ഗുരുവിനും ചൊല്ലി കേൾപ്പിക്കുന്നത് കേൾക്കാനിടയായ ശിഷ്യൻ അത് തന്റെ ഗുരുവിനെ ചൊല്ലികേൾപ്പിക്കുന്ന അവസ്ഥയുമുണ്ടാകാം. ഇത്തരം ഘട്ടത്തിൽ ചൊല്ലി കേൾപ്പിക്കുന്ന ഹദീസ് ഗുരുവിന് ഓർമയുള്ളതായിരിക്കണമെന്ന കാര്യം നിർബന്ധമാണ്. അല്ലെങ്കിൽ തന്റെ സ്വീകാര്യയോഗ്യരായ ശിഷ്യന്മാരുടെ പക്കൽ അത് കണ്ടെത്താൻ ഗുരുവിന് കഴിയണം. എങ്കിലേ അതിന് അംഗീകാരം നൽകുകയുള്ളൂ. ഓർമയിൽ നിന്നെടുത്ത് ഗുരുവെ കേൾപ്പിക്കുന്നതിനേക്കാൾ ഗ്രന്ഥത്തിൽനിന്ന് പഠിച്ച് കേൾപ്പിക്കുന്നതാണ് ശ്രേഷ്ഠം. കാരണം തെറ്റ് വരാതിരിക്കാനുള്ള സുരക്ഷിത മാർഗമതാണ്. സിമാഇന് ശേഷം, രണ്ടാം സ്ഥാനത്താണ് ഖിറാഅത്തിന്റെ പദവി. സിമാഇനും ഖിറാഅത്തിനും ഒരേ സ്ഥാനം കൽപിക്കുന്ന മുഹദ്ദിസുകളുമുണ്ട്. അവരുടെ വീക്ഷണത്തിൽ, ഗുരുവിന് ഹദീസ് കേൾപ്പിച്ചു കഴിഞ്ഞ ശിഷ്യൻ, പിന്നീട് ആ നബിവചനം മറ്റൊരാൾക്ക് കേൾപ്പിക്കുമ്പോൾ 'സമിഅ്തു' എന്നു പ്രയോഗിക്കുന്നതിൽ അപാകതയില്ല. ഗുരുവിനെ താനിത് കേൾപ്പിച്ചിരിക്കുന്നുവെന്ന് ആ നിവേദകൻ പറയേണ്ടതുമില്ല. ഇത്തരം ഹദീസ് നിവേദനത്തിന്റെ ഘട്ടത്തിൽ ഹദ്ദസനശ്ശൈഖു ഖിറാഅത്തൻ അലൈഹി, അഖ്ബറനാ- ഖിറാഅത്തൻ അലൈഹി, സമിഅ്തു മിനശ്ശൈഖി ഖിറാഅതൻ അലൈഹി - തുടങ്ങിയ പ്രയോഗങ്ങളിൽ ഏതെങ്കിലുമൊന്ന് സ്വീകരിക്കുന്നത് അനുവദനീയമാണ്.

## ഇജാസ (إجازة)

തന്റെ ഗ്രന്ഥത്തിൽ (മുഅല്ലഫാത്) നിന്നോ, തന്നിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ(മസ്മൂആത്)നിന്നോ നിവേദനം ചെയ്തുകൊള്ളുവാൻ ഗുരു ശിഷ്യന് നൽകുന്ന അനുവാദമാണ് ഇജാസ. ഗുരുവിൽനിന്ന് അവ ശിഷ്യൻ നേരിട്ട് കേട്ടതാവണമെന്നില്ല. അവ ഗുരുവിനെ ശിഷ്യൻ ചൊല്ലി കേൾപ്പിച്ചതാകാനും ഇടയില്ല. അതിനാൽ ഗുരുവിൽനിന്ന് കേൾക്കുക(സിമാഅ്), ഗുരുവെ കേൾപ്പിക്കുക (ഖിറാഅത്ത്) എന്നീ ഇനങ്ങളിൽനിന്ന് വ്യത്യസ്തമാണ് ഇജാസ. അവ രണ്ടിലും ഗുരുവും ശിഷ്യനും തമ്മിൽ നേരിൽ ബന്ധമുണ്ട്. ഇജാസയിൽ അതില്ല. അതിനാൽ പ്രമുഖ ഹദീസ് പണ്ഡിതൻ ഇബ്നു ഹസം ഇജാസയെ നിരാകരിച്ചിട്ടുണ്ട്. അനഭിലഷണീയം എന്നാണ് ഇജാസയെപ്പറ്റി അദ്ദേഹം പറഞ്ഞത്. ചില പണ്ഡിതന്മാർ ഒരുപടി

കൂടി കടന്ന് ഇങ്ങനെ പറഞ്ഞു: 'തന്നിൽനിന്ന് കേൾക്കാത്തവ നിവേദനം ചെയ്യാൻ ഒരാൾ മറ്റൊരാൾക്ക് അനുവാദം നൽകുന്നത്, തന്റെ മേൽ കള്ളം ആരോപിച്ചുകൊള്ളാൻ അനുമതി നൽകുന്നത് പോലെയാണ്. കാരണം നേരിട്ടു കേൾക്കാത്തത് നിവേദനം ചെയ്യുവാൻ ശരീഅത്ത് അനുവാദം നൽകുന്നില്ല (അത്തദ്‌രീബ്, പേജ് - 131). ഇതൽപ്പം കടന്ന അഭിപ്രായപ്രകടനമാണ്. കാരണം ഭൂരിപക്ഷം പണ്ഡിതരും ഇജാസ അനുവദിച്ചിട്ടുണ്ട്.

മുഹദ്ദിസ് ഒരു വ്യക്തിക്ക്/സംഘത്തിന്, ഒരു ഗ്രന്ഥം/ഗ്രന്ഥങ്ങൾ നിവേദനം ചെയ്തുകൊള്ളാൻ അനുവാദം നൽകുന്നത് ഇജാസയുടെ വിശാല പരിധിയിലാണ് വരിക. ഒരു മുഹദ്ദിസ് നിവേദകന്റെ (റാവി) പേരു വിളിച്ച് സ്വഹീഹ് മുസ്‌ലിം, സുനനു അബീദാവൂദ് എന്നീ ഗ്രന്ഥങ്ങളിൽനിന്ന് നിവേദനം ചെയ്തുകൊള്ളാൻ അനുവദിക്കുന്ന രീതി ഉദാഹരണം. എന്നാൽ അപരിചിതനായ ഒരാൾ അപരിചിതനായ മറ്റൊരാൾക്ക് ഇങ്ങനെ അനുവാദം കൈമാറുന്നത് തള്ളപ്പെടേണ്ടതുമാണ്. ഉദാഹരണത്തിന് ഞാൻ മുസ്‌ലിം സമൂഹത്തിന് മുഴുവനായി നിവേദനത്തിന് അനുവാദം നൽകുന്നുവെന്ന് ഒരു ഗുരുവിന് പറയാവതല്ല. അപ്പോൾ, ഗുരു നിർണിത ശിഷ്യനോട് മുഖാമുഖം വ്യക്തമായ വാക്കുകളിൽ നിവേദനത്തിനു അനുമതി നൽകുന്നതാണ് ഇജാസ. അത് വാക്കാൽ പറയുന്നതിന് പകരം, രേഖാമൂലം പറയുന്നതും ചില കർക്കശക്കാരായ മുഹദ്ദിസുകൾ അനുവദിക്കുന്നില്ല. എന്നാലും രണ്ട് രൂപവും തുല്യമാണെന്നാണ് ശരിയായ വീക്ഷണം. ഹദീസ് സ്വീകാര്യമാകുന്നതിന്റെ മൂന്നാമത്തെ പ്രബല രീതിയാണ് ഇജാസ.



**തന്റെ ഗ്രന്ഥത്തിൽ (മുഅല്ലഫാത്) നിന്നോ, തന്നിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ(മസ്‌മൂആത്)നിന്നോ നിവേദനം ചെയ്തുകൊള്ളുവാൻ ഗുരു ശിഷ്യന് നൽകുന്ന അനുവാദമാണ് ഇജാസ.**

### മുനാവല (مناولة)

ഒരു ഗ്രന്ഥമോ എഴുതപ്പെട്ട രേഖയോ ശിഷ്യന് കൈമാറി, അത് തന്റേതായി നിവേദനം ചെയ്യാൻ ഗുരു അനുവദിക്കുന്ന രീതിയാണ് മുനാവല. ഇതിന് വിവിധ രൂപങ്ങളുണ്ട്.

1. തന്റെ ഹദീസ് ഗ്രന്ഥമോ ഹദീസ് രേഖയോ ശിഷ്യന് നൽകി ഗുരു ഇങ്ങനെ പറയുന്നു: 'ഇത് നിന്റെ ഉടമസ്ഥതയിലുള്ള രേഖയാണ്. അത് നിവേദനം ചെയ്യാൻ ഞാൻ നിനക്ക് അനുമതി നൽകുന്നു.' ഇതിന് മുനാവല മഅൽ ഇജാസ എന്നാണ് സാങ്കേതിക നാമം. ഇതാണ് മുനാവലയിലെ ഏറ്റവും ഉത്തമ രൂപവും. ചില പണ്ഡിതർ ഇതിന് സിമാഇനേക്കാൾ ഉന്നതസ്ഥാനം കൽപിച്ചിട്ടുണ്ട്. കാരണം ഗുരുവിന്റെ ഗ്രന്ഥം നിവേദനത്തിനു നൽകുമ്പോൾ അത് കൂടുതൽ അവലംബാർഹമാകുന്നുണ്ട്. സിമാഇൽ കേൾക്കുന്ന ആൾക്കും കേൾപ്പിക്കുന്ന ആൾക്കും ആശയകൈമാറ്റത്തിനിടയിൽ തെറ്റുധാരണ (വഹ്മ്) ഉണ്ടാവാൻ സാധ്യതയുണ്ട്. ആ സാധ്യത മുനാവലയിൽ വിരളമാണ് എന്നതാണ് ഇതിനു സിമാഇനേക്കാൾ സ്ഥാനം കൽപിക്കുന്നവരുടെ ന്യായം. പക്ഷേ സിമാഇനും, ഖിറാഅത്തിനും ചുവടെ മാത്രമേ മുനാവലക്ക് സ്ഥാനമുള്ളൂവെന്നാണ് ഇമാം നവവിയുടെ അഭിപ്രായം.

2. ഗ്രന്ഥം ശിഷ്യന് നൽകുന്ന ഗുരു, അത് നിവേദനം ചെയ്തതിനു ശേഷം ഗ്രന്ഥം തനിക്ക് തന്നെ തിരിച്ചേൽപ്പിക്കാൻ പറയുന്നതാണ് മുനാവലയിലെ രണ്ടാമത്തെ രീതി. ഇത് മുനാവല മഅൽ ഇജാസയോട് ബന്ധപ്പെട്ട മറ്റൊരു ശൈലിയാണ്.

3. ഗുരുവിന്റെ രേഖകൾ, അദ്ദേഹത്തിന്റെ മുമ്പാകെ ശിഷ്യൻ കൊണ്ടുവരുന്നു. ഗുരു അത് ശ്രദ്ധാപൂർവം പരിശോധിച്ച് നിവേദനം ചെയ്യാൻ അനുവാദം നൽകുന്നു.

4. ഗുരുവിന്റെ ഗ്രന്ഥം ശിഷ്യൻ നിവേദനം ചെയ്യാനുള്ള അനുവാദത്തിനായി അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുചെല്ലുന്നു. ഗുരു അത് വീണ്ടും ശ്രദ്ധാപൂർവം പരിശോധിക്കാതെ അനുവാദം നൽകുന്നു. ഇതാണ് മുനാവലയിൽ ഏറ്റവും താഴെ പടിയിലുള്ളത്.

### മുകാതബ (مكاتبة)

ഗുരു സ്വയം എഴുതിയോ തന്റെ നിവേദനം മറ്റൊരാളെ കൊണ്ട് എഴുതിച്ചോ ശിഷ്യന് കൈമാറുക. അല്ലെങ്കിൽ വിദൂരത്തുള്ള ശിഷ്യന് അയച്ചുകൊടുക്കുക. ഇതാണ് മുകാതബ. ഗുരു നേരിട്ട് എഴുതിയോ എഴുതിച്ചോ നൽകുന്ന ഹദീസുകളിൽ യാതൊരു തരത്തിലുമുള്ള സംശയത്തിനും അവ്യക്തതക്കും ഇടമുണ്ടാകുന്നില്ല. കാരണം തന്റെ മുമ്പാകെ വെച്ചാണ് പ്രസ്തുത എഴുത്ത് നടക്കുന്നത് തന്നെ. ഗുരുവിന്റെ സന്നിധിയിലില്ലാത്ത ശിഷ്യന് അയക്കുന്ന നിവേദനത്തിലും അവ്യക്തത കലരുന്നില്ല. ഇതിലെ എഴുത്തുകാർ സത്യസന്ധരും വിശ്വസ്തരുമായിരിക്കണമെന്ന് നിബന്ധനയുണ്ട്. ചില പണ്ഡിതന്മാർ 'മുകാതബ'യിലും കാർക്കശ്യം പുലർത്തുന്നത് കാണാം. ഗുരു നേരിട്ട് എഴുതിയോ എഴുതിച്ചോ നൽകിയാൽ പോര, അവ നിവേദനം ചെയ്യാനുള്ള അനുവാദം (ഇജാസ) കൂടി നൽകണമെന്നാണ് അവരുടെ പക്ഷം. എന്നാൽ ഇജാസ ഇല്ലാതെ തന്നെ മുകാതബ വഴി നിവേദനം നടന്നിട്ടുണ്ട്. ഇമാം ബുഖാരി മുഹമ്മദുബ്നു ബശ്ശാറിന് ഹദീസുകൾ എഴുതി അയക്കുകയും അദ്ദേഹത്തിന്റെ ഹദീസുകൾ നിവേദനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ താൻ ശിഷ്യൻ നാഫിഅ് മുഖേന ജാബിറുബ്നു സമുറക്ക് എഴുത്തയച്ചിരുന്നുവെന്ന് പറയുന്നു. പ്രവാചകനിൽനിന്ന് വല്ല ഹദീസും കേട്ടിട്ടുണ്ടെങ്കിൽ തന്നെ കേൾപ്പിക്കണമെന്നായിരുന്നു കത്തിലെ ഉള്ളടക്കം.

ഗുരു എഴുതി/എഴുതിച്ച് നൽകുകയോ അയച്ചുകൊടുക്കുകയോ ചെയ്യുന്ന(മുകാതബ)തോടൊപ്പം നിവേദനം ചെയ്യാനുള്ള അനുവാദം (ഇജാസ) കൂടി നൽകുന്നുവെങ്കിൽ ആ ഹദീസ് കൂടുതൽ പ്രബലമായിരിക്കുമെന്നതിൽ സംശയമില്ല. എഴുത്ത് മുഖേന ലഭിച്ച ഹദീസ്, നിവേദനം ചെയ്യുമ്പോൾ റിപ്പോർട്ടർ സമിഅ്തു/ഹദ്ദസനീ/അഖ്ബറനീ എന്നീ പ്രയോഗങ്ങൾ നടത്താൻ പാടില്ല. കാരണം ഗുരുവിൽനിന്ന് ശിഷ്യൻ നേരിട്ടു കേട്ടുവെന്ന് തെറ്റിദ്ധരിക്കാൻ അത് ഇടയാക്കും. അതിനാൽ മുകാതബതൻ (എഴുത്ത് മുഖേന) എന്നുകൂടി ചേർത്ത് 'സമിഅ്തു മുകാതബതൻ' എന്ന രൂപത്തിലേ ഇത്തരം ഹദീസുകൾ ഉദ്ധരിക്കാവൂ.

### ഇഅ്ലാം (إعلام)

നിശ്ചിത ഗ്രന്ഥം/നിശ്ചിത ഹദീസ് തന്റെ മർവിയ്യാതി(നിവേദനങ്ങൾ)ൽ ഉണ്ടെന്ന് ഗുരു, ശിഷ്യനെ അറിയിക്കുകയും എന്നാൽ അത് നിവേദനം ചെയ്യാൻ വ്യക്തമായ രീതിയിൽ അനുവാദം നൽകാതിരിക്കുകയും ചെയ്യുന്നതാണ് ഇഅ്ലാം. ഭൂരിപക്ഷം മുഹദ്ദിസുകളും ഹദീസ് സ്വീകരണത്തിന്റെ മാർഗങ്ങളിലൊന്നായി ഇഅ്ലാമിനെയും അംഗീകരിച്ചിട്ടുണ്ട്. തെറ്റായ കാര്യം ഗുരു ശിഷ്യനെ പഠിപ്പിക്കില്ല. അതിനാൽ നിവേദനത്തിനുള്ള അനുവാദം ഗുരു വ്യക്തമാക്കി പറഞ്ഞില്ലെങ്കിലും ഹദീസ് കൈമാറ്റത്തിൽ അക്കാര്യം കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. അതേസമയം ഒരു ഹദീസ് ശിഷ്യന്റെ ശ്രദ്ധയിൽ പെടുത്തിയ ഗുരു അത് നിവേദനം ചെയ്യുന്നത് വിലക്കിയിട്ടുണ്ടെങ്കിൽ അത് 'ഇഅ്ലാമി'ന്റെ ഗണത്തിൽപ്പെടുത്തി ഉദ്ധരിക്കുന്നത് നിഷിദ്ധമാണ്. അതായത് ഗുരു ഇങ്ങനെ പറയുന്നു: 'ഇത് എന്റെ നിവേദനങ്ങളും ഞാൻ കേൾപ്പിച്ചതുമായ രേഖകളാണ്. പക്ഷേ ഇത് നിവേദനം ചെയ്യുന്നതിൽനിന്ന് ഞാൻ നിന്നെ വിലക്കുകയാണ് / മറ്റുള്ളവർക്ക് ഇത് കൈമാറരുത് / ഇത് നിവേദനം ചെയ്യുന്നത് ഞാൻ അനുവദിക്കുന്നില്ല.'

### വസ്വിയ്യത്ത് (وصية)

അപൂർവമായ ഒരിനമാണിത്. ഗുരു, യാത്രാമധ്യേ അല്ലെങ്കിൽ മരണക്കിടക്കയിൽ, താൻ ഇന്ന വ്യക്തിക്ക് ഇന്ന ഗ്രന്ഥം നിവേദനം ചെയ്യാൻ അനുമതി നൽകിയതായി വ്യക്തമായി പ്രഖ്യാപിക്കലാണ് വസ്വിയ്യത്ത്. ചിലരുടെ വീക്ഷണത്തിൽ, ഇഅ്ലാം, മുനാവല എന്നിവയുമായി ബന്ധപ്പെട്ട ഒരിനമാണ് വസ്വിയ്യത്ത്. ഹദീസ് സ്വീകരണത്തിൽ ദുർബലമായ വഴികളിലൊന്നാണിത്. വസ്വിയ്യത്ത് ചെയ്ത ആളുടെ വാക്കുകളോട് പൂർണമായും നീതി പുലർത്താൻ വസ്വിയത്ത് സ്വീകരിച്ച ആൾക്ക് ബാധ്യതയുണ്ട്. അതിൽ ഏറ്റക്കുറവുകൾ ഉണ്ടാവാൻ പാടില്ല. സാമ്പത്തിക വസ്വിയ്യത്തു പോലെതന്നെയാണ് വൈജ്ഞാനിക വസ്വിയ്യത്തും. എല്ലാം നിർണിതമായിരിക്കണമെന്നു സാരം. ഒരു ഗ്രന്ഥമാണോ, ഒന്നിലധികം ഗ്രന്ഥങ്ങളാണോ ഒരൊറ്റ ഹദീസാണോ നിരവധി ഹദീസുകളാണോ എന്നിത്യാദി കാര്യങ്ങളിൽ വസ്വിയത്ത് സ്വീകരിച്ച ആൾക്ക് കൃത്യമായ ധാരണ ഉണ്ടായിരിക്കണം.

**ഒരു ഗ്രന്ഥമോ എഴുതപ്പെട്ട രേഖയോ ശിഷ്യന് കൈമാറി, അത് തന്റേതായി നിവേദനം ചെയ്യാൻ ഗുരു അനുവദിക്കുന്ന രീതിയാണ് മുനാവല.**

### വിജാദ (وجادة)

പൂർവകാല അറബികൾക്ക് പരിചയമില്ലാത്ത പുതിയ പ്രയോഗമാണ് വിജാദ. സിമാഉം മുനാവലയുമൊന്നുമല്ലാതെ ഗ്രന്ഥത്തിൽനിന്നോ ഫലകത്തിൽനിന്നോ അറിവ് ആർജിക്കുകയാണ് വിജാദ. ഒരു മുഹദ്ദിസ് സ്വകരങ്ങൾ കൊണ്ട് എഴുതിയ ഹദീസുകൾ കണ്ടെത്തുന്ന ഒരാൾ അദ്ദേഹവുമായുള്ള മുൻ കൂടിക്കാഴ്ചകളുടെ അടിസ്ഥാനത്തിൽ ഇത് പ്രസ്തുത ഗുരുവിന്റെ തന്നെ ലിഖിതമാണെന്ന് മനസ്സിലാക്കി റിപ്പോർട്ടു ചെയ്യുന്ന രൂപമാണ് വിജാദ. മുൻ കൂടികാഴ്ച നടന്നിട്ടില്ലെങ്കിലും ഈ ലിഖിതം ഇന്ന ഗുരുവിന്റേതാണെന്ന് അയാൾക്ക് ഉറപ്പുണ്ടായാലും മതി. അങ്ങനെ കാണപ്പെടുന്ന ഹദീസുകൾ ശൈഖിലേക്ക് ചേർത്ത് നിവേദനം ചെയ്യാവുന്നതാണ്. അബ്ദുല്ലാഹിബ്നു അഹ്മദുബ്നു ഹമ്പൽ ഇങ്ങനെ നിരവധി ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം ഹദീസുകൾ, അൻ ഫുലാനിൻ / അഖ്ബറനാ ഫുലാനുൻ / സമിഅ്തു മിൻഹു / വജദ്തു ബിഖത്വിഹി തുടങ്ങിയ ഏതെങ്കിലുമൊരു ശൈലിയിലാണ് നിവേദനം ചെയ്യേണ്ടത്. അല്ലെങ്കിൽ ശിഷ്യൻ ഗുരുവിൽനിന്ന് നേരിട്ട് കേട്ടതായി അതിനെ തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഇക്കാലത്ത് വിജാദയുടെ പ്രാധാന്യം പറഞ്ഞറിയിക്കേണ്ടതില്ല. കാരണം പുസ്തക പ്രസാധനം വ്യാപകമായതോടെ, സ്വീകാര്യയോഗ്യമായ ഹദീസ് ഗ്രന്ഥങ്ങളിൽനിന്നാണ് നാം ഹദീസുകൾ എടുക്കുന്നത്. ഹദീസ് ഹൃദിസ്ഥമാക്കിയവരുടെ തലമുറയെ കാണാനുമില്ല.




### നിവേദനത്തിലെ മറ്റുചില സാങ്കേതിക പ്രയോഗങ്ങൾ

1. അദാഅ്(أداء): ഗുരു, ശിഷ്യന് ഹദീസ് കേൾപ്പിക്കുന്നതിനെ അദാഅ് എന്നു പറയുന്നു.

ബി. മുഅദ്ദി(مؤدّى): ശിഷ്യന് ഹദീസ് കേൾപ്പിക്കുന്ന വ്യക്തി. (ഗുരു / ഉസ്താദ് / ശൈഖ്)

സി. മുതഹമ്മിൽ(متحمّل): ഗുരുവിൽനിന്ന് ഹദീസ് സ്വീകരിക്കുന്ന ആൾ. (വിദ്യാർഥി / ശിഷ്യൻ)

ഒരു വ്യക്തി ഒരേ സമയം ഗുരുവും (മുഅദ്ദി) ശിഷ്യനും (മുതഹമ്മിൽ) ആകാനിടയുണ്ട്. ഉദാഹരണത്തിന് അബൂബക്ർ സിദ്ദീഖ്(റ). പ്രവാചകൻ(സ)യിൽനിന്ന് അദ്ദേഹം ഹദീസ് നിവേദനം ചെയ്യുമ്പോൾ ശിഷ്യന്റെ സ്ഥാനത്താണ് അബൂബക്ർ (റ) ഉള്ളത്. പ്രവാചകൻ(സ) ഗുരുവിന്റെ പദവിയിലും. എന്നാൽ അബൂബക്കർ(റ), അലി(റ)ക്ക് ഹദീസ് കേൾപ്പിക്കുമ്പോൾ അബൂബക്ർ(റ) ഗുരുവിന്റെ സ്ഥാനത്താണ്. അലി(റ) ശിഷ്യന്റെ സ്ഥാനത്തും. ■